പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *601 09/07/2013-ൽ മറുപടിക്ക്

## ഊര് വികസന പദ്ധതി

ചോദ്യം മറുപടി

ശ്രീ.വി.ശശി : കുമാരി.പി.കെ.ജയലക്ഷ്മി

ശ്രീ.ഇ ചന്ദ്രശേഖരൻ [പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും

ശ്രീ. ചിറ്റയം ഗോപകുമാർ കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി]

ശ്രീ.കെ.അജിത്

| | *ചോദ്യം* | | *ഉത്തരം* |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഊര് വികസന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഊരുവികസന പദ്ധതി (ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി) നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒരു കോടി രൂപ ചെലവിൽ കുടിവെള്ളം, നടപ്പാത, വൈദ്യുതി, അംഗനവാടിയ്ക്ക് കെട്ടിടം, ലിങ്ക് റോഡ് , വീട് റിപ്പയർ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം |
| (ബി) | ഈ പദ്ധതിയ്ക്കായി എത്ര പട്ടിക വർഗ്ഗ കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഈ കോളനികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 പട്ടികവർഗ്ഗ സങ്കേതങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവികസിതമായതും ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി പ്രകാരം ഓരോ കോളനിയിലേയ്ക്കും എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഈ തുക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഓരോ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് 20 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

ഹാംലറ്റ് ഡവലപ്പ്മെന്റ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സങ്കേതങ്ങൾ

| ക്രമ. നം. | പട്ടികവർഗ്ഗകോളനിയുടെ പേര് | ഗ്രാമപഞ്ചായത്ത് | ജില്ല |
|---|---|---|---|
| 1 | കാലിമന്ദം | തവിഞ്ഞാൽ | വയനാട് |
| 2 | അമ്മാനി | പനമരം | വയനാട് |
| 3 | എടപ്പട്ടി പണിയ കോളനി | കൽപ്പറ്റ മുനിസിപ്പാലിറ്റി | വയനാട് |
| 4 | കരിമം അമ്പലപ്പാടി പണിയകോളനി | പുൽപ്പള്ളി | വയനാട് |
| 5 | ചെമ്പ്കടവ് അംബേദ്കർ | കോടഞ്ചേരി | കോഴിക്കോട് |
| 6 | മണിയംകിണർ | പാണഞ്ചേരി | തൃശ്ശൂർ |
| 7 | വാതിൽമട | പയ്യാവൂർ | കണ്ണൂർ |
| 8 | കണ്ണവം | കൂത്തുപറമ്പ് | കണ്ണൂർ |
| 9 | വല്ലപ്പുഴ | നിലമ്പൂർ | മലപ്പുറം |
| 10 | പെരുവമ്പാടം | ചാലിയാർ | മലപ്പുറം |
| 11 | മുരിക്കുംവയൽ | മുണ്ടക്കയം | കോട്ടയം |
| 12 | വടക്കേകടമ്പാറ | ഷോളയൂർ | പാലക്കാട് |
| 13 | കുരുമ്പൻമുഴി | നാറാണമുഴി | പത്തനംതിട്ട |
| 14 | വട്ടവട മുതുവൻ കോളനി | വട്ടവട | ഇടുക്കി |
| 15 | ചെന്നാട്ട് കോളനി | കുമാരപുരം | ആലപ്പുഴ |
| 16 | പൊടിയകാല | വിതുര | തിരുവനന്തപുരം |
| 17 | കാട്ടിലക്കുഴി ഇലഞ്ചിയം | പെരിങ്ങമല | തിരുവനന്തപുരം |
| 18 | മുള്ളുമല ട്രൈബൽ കോളനി | പിറവന്തൂർ | കൊല്ലം |
| 19 | കപ്പള്ളി | കള്ളാർ | കാസറഗോഡ് |
| 20 | പെർദാല കോളനി | ബദിയടുക്ക | കാസറഗോഡ് |

സെക്ഷൻ ഓഫീസർ